# നൂറോളം ക്ഷേത്രങ്ങളിൽ മോഷണം നടത്തിയ യുവാവ് പിടിയിൽ

തൃശൂർ • നൂറോളം ക്ഷേത്രങ്ങളിൽ മോഷണം നടത്തിയ കേസിലെ പ്രതിയെ നിഴൽ പൊലീസ് അറസ്റ്റു ചെയ്തു. മലപ്പുറം കാലടി സ്വദേശി കൊട്ടരപാട്ടിൽ വീട്ടിൽ പോത്തൻ വാവ എന്ന സജീഷ് (35) ആണ് അറസ്റ്റിലായത്. ജൂൺ 17നു രാത്രി തൃശൂർ മുണ്ടൂർ മുണ്ടയൂർ മഹാദേവ ക്ഷേത്രത്തിലെ ഭണ്ഡാരത്തിന്റെ പൂട്ടുകൾ തകർത്തു മോഷണം നടത്തിയ കേസിന്റെ അന്വേഷണത്തിലാണു പ്രതി പിടിയിലായത്. ഇരുപതാം വയസിലാണ് ആദ്യ മോഷണം. 10 വർഷത്തിനുള്ളിൽ പാലക്കാട്, മലപ്പുറം ജില്ലകളിലെ നൂറോളം ക്ഷേത്രങ്ങളിൽ മോഷണം നടത്തി. കടകൾ കേന്ദ്രീകരിച്ചു നടത്തിയ മോഷണം പതിയെ ക്ഷേത്രങ്ങളിലേക്കു തിരിയുകയായിരുന്നു.



സജീഷ്.

2008ൽ കുന്നംകുളത്തെ ക്ഷേത്രത്തിൽ മോഷണം നടത്തിയശേഷം അവിടെ കിടന്നുറങ്ങിയ ഇയാളെ നാട്ടുകാർ പിടികൂടി പൊലീസിൽ ഏൽപ്പിച്ചിരുന്നു. അങ്ങനെയാണ് ആദ്യമായി പൊലീസ് പിടിയിലാകുന്നത്. പിന്നീട് ഒട്ടേറെ തവണ വിവിധ കേസുകളിൽപ്പെട്ടു സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ ജയിലിൽ കിടന്നിട്ടുണ്ട്. മോഷണക്കേസിൽ അറസ്റ്റിലായി 2014ൽ ജയിലിലായ ഇയാൾ ഈ വർഷമാണു പുറത്തിറങ്ങിയത്. അതിനുശേഷം 33 ക്ഷേത്രങ്ങളിൽ മോഷണം നടത്തി. ഒട്ടേറെ ബൈക്കുകളും മോഷ്ടിച്ചതായി ചോദ്യം ചെയ്യലിൽ സമ്മതിച്ചിട്ടുണ്ട്.

വീടുകളിൽനിന്നും റോഡരികിൽനിന്നുമൊക്കെ മോഷ്ടിക്കുന്ന ബൈക്കിൽ കറങ്ങിയാണ് ഇയാൾ മോഷണം നടത്തിയിരുന്നത്. ക്ഷേത്രങ്ങളിലെ ഭണ്ഡാരം തകർത്തു പണം കവരുക, ശ്രീകോവിലിനുള്ളിൽ കടന്നു തിരുവാഭരണങ്ങളും സ്വർണവും പണവും മോഷ്ടിക്കുക, ഒരു ദിവസം തന്നെ വിവിധ ക്ഷേത്രങ്ങളിൽ മോഷണം നടത്തുക തുടങ്ങിയവയാണ് ഇയാളുടെ രീതി. മോഷ്ടിച്ച ബൈക്കിലെ പെട്രോൾ തീരുമ്പോൾ റോഡരികിൽ കാണുന്ന മറ്റു ബൈക്കുകളിൽനിന്നു പെട്രോൾ ഊറ്റിയെടുത്താണ് അടുത്ത മോഷണത്തിനായി യാത്ര തുടരുന്നത്. ബൈക്കിന് അപകടമോ തകരാറോ സംഭവിച്ചാൽ ഉപേക്ഷിച്ചു മറ്റൊരു ബൈക്ക് മോഷ്ടിക്കുകയാണു പതിവ്.